"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- നഗരകാര്യം - ജീവനക്കാര്യം -കരുനാഗപ്പള്ളി നഗരസഭ- വിജിലൻസ് പരിശോധന- നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ മുഹമ്മദ് ഹവൈസിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.604/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 27.09.2014 ലെ 61946/ഇ.യു1/14/തസ്വഭവ നമ്പർ കുറ്റാരോപണ പത്രം.

2 നഗരകാര്യ ഡയറക്ടറുടെ 01.06.2018 ലെ വി1-18097-14 ാം-ാം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 06.11.2013 ൽ കരുനാഗപ്പള്ളി നഗരസഭയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേട് സംബന്ധിച്ച് നഗരസഭാ സെക്രട്ടറിയായ ശ്രീ മുഹമ്മദ് ഹവൈസിനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (1) പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു.

ശ്രീ മുഹമ്മദ് ഹവൈസ് കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച വരവെ നഗരസഭയിൽ കാഷ്വൽ ലീവ് രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ലെന്നും പൗരാവകാശ രേഖാപ്രകാരവും സേവനാവകാശ നിയമപ്രകാരവുമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനുള്ള സമയപരിധി പാലിച്ചിട്ടില്ലെന്നും , ഡി ആൻഡ് ഒ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലെന്നും , ഡി ആൻഡ് ഒ ലൈസൻസിനായുള്ള ശ്രീമതി അഞ്ജലിയുടെ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാക്കുകയും ശ്രീ.കബീർ , ശ്രീ.സുധീർ എന്നിവരുടെ അപേക്ഷകളിൽ ഫീസ് വാങ്ങിയിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്നും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയിരുന്നു.

ശ്രീ.മുഹമ്മദ് ഹവൈസ് സമർപ്പിച്ച മറുപടിയിൻ മേൽ പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കി. ശ്രീ .മുഹമ്മദ് ഹവൈസ് തന്റെ ചുമതലകൾ ടിയാളുടെ കീഴിലുള്ള ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നല്കിയിട്ടുള്ളതായും അതുപ്രകാരം കാഷ്വൽ ലീവ് രജിസ്റ്റർ കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ടിനു നല്കിയിട്ടുള്ളതായും ടിയാനും സെക്ഷൻ ക്ലാർക്കിനും അതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്നും , ഡി ആൻഡ് ഒ ലൈസൻസ് നൽകുന്നതിനുള്ള നിയുക്ത ഉദ്യോഗസ്ഥനായി ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപെടുത്തിയതിനാൽ ലൈസൻസ് നല്കുന്നതിനും ഡി ആൻഡ് ഒ രജിസ്റ്റർ സൂക്ഷിക്കുന്നതിനും ടിയാന് ചുമതലയുണ്ടെന്നും മുഹമ്മദ് ഹവൈസിന്റെ മറുപടിയിൽ പരാമർശിച്ചിരുന്നതായും, ശ്രീമതി അഞ്ജലി ,ശ്രീ.അഹമ്മദ് കബീർ , ശ്രീ.സുധീർ എന്നിവരുടെ ഡി & ഒ ലൈസൻസിനുള്ള അപേക്ഷ വിജിലൻസ് പരിശോധനക്ക് മുമ്പോ പിമ്പോ ടിയാന്റെ ശ്രദ്ധയിൽപെട്ടിട്ടില്ലെന്നും ലൈസൻസ് അനുവദിക്കേണ്ട നിയുക്ത ഉദ്യോഗസ്ഥൻ ഹെൽത്ത് ഇൻസ്പെക്ടർ ആയതിനാൽ ഔദ്യോഗിക ജോലികളിൽ ബോധപൂർവമായി വീഴ്ച വരുത്തിയിട്ടില്ലെന്ന് മനസ്സിലാക്കി കുറ്റാരോപണത്തിൽ നിന്നും

ഒഴിവാക്കണമെന്നും ശ്രീ.മുഹമ്മദ് ഹൈവെസ് അപേക്ഷിച്ചിരിയ്ക്കുന്നതായും പരാമർശം (2) കത്തിൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

കേരള മുൻസിപ്പാലിറ്റി ആക്ട് പ്രകാരം സെക്രട്ടറിക്ക് തന്റെ കീഴ്ജീവനക്കാർക്ക് , ചുമതലകൾ ഡെലിഗേറ്റ് ചെയ്തു കൊടുക്കാവുന്ന അധികാരമനുസരിച്ച് ഡെലിഗേറ്റ് നൽകിയിട്ടുണ്ടെങ്കിലും സെക്രട്ടറിക്ക് നിലവിലുള്ള ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാൻ സാധിക്കില്ലെന്നും കീഴ്ജീവനക്കാർ കുറച്ചുകൂടി ജാഗ്രത പുലർത്തിയിരുന്നെങ്കിൽ ടി. ആരോപണങ്ങൾ ഒഴിവാക്കാമായിരുന്നെന്നും ഡയറക്ടർ അറിയിച്ചു. ശ്രീമതി. അഞ്ജലിയുടെ ഡി ആൻഡ് ഒ ലൈസൻസ് 12.11.2013 ലും ശ്രീ അഹമ്മദ് കബീറിന്റെ ലൈസൻസ് 05 .08. 2014 ലും , ശ്രീ ധീറിന്റെ ലൈസൻസ് 04 .08 . 2014 ലും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല , ഡി ആൻഡ് ഒ രജിസ്റ്റർ , കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ നിലവിൽ എഴുതി സൂക്ഷിച്ചിട്ടുമുണ്ട്. സെക്രട്ടറി എന്ന നിലയിൽ ശ്രീ മുഹമ്മദ് ഹൈവെസ് മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ ടിയാന് മേലിൽ ഇത്തരം വീഴ്ചകൾ വരുത്തരുതെന്നുള്ള കർശനമായ താക്കീത് നൽകിക്കൊണ്ട് തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നു പരാമർശം (2) പ്രകാരം ഡയറക്ടർ ശുപാർശ ചെയ്തു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഹമ്മദ് ഹൈവെസ് കുറ്റാരോപണ മെമ്മോയ്ക്ക് നല്കിയ മറുപടിയുടെയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.മുഹമ്മദ് ഹൈവെസിനെതിരെ ആരംഭിച്ച അച്ചടക്കനടപടി ടിയാനെ ശിക്ഷണ നടപടിയിൽ നിന്നും ഒഴിവാക്കി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്) , തിരുവനന്തപുരം.
ചെയർമാൻ/ചെയർപേഴ്സൺ കരുനാഗപ്പള്ളി നഗരസഭ.
ശ്രീ മുഹമ്മദ് ഹൈവെസ്, മുൻ സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ( നഗരകാര്യ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ